പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 2082

11.02.2020-ൽ മറുപടിക്ക്

## കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>ബി) ഇത്തരത്തിൽ പുനരുദ്ധാരണം നടത്തുന്നതിന് കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ ലഭ്യമാക്കാമോ;<br><br>സി) പ്രസ്തുത മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | എ) ബി) & സി) 2018, 2019 ലെ പ്രളയത്തിൽ തകർന്നതും, സംസ്ഥാനത്തെ 14 ജില്ലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടാത്തതും, പുനർ നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലേയ്ക്കായി അതാത് ജില്ലകളിൽ നിന്നും പ്രവൃത്തികളുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതും, ഇത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സി.എം.ഡി.ആർ.എഫിൽ നിന്നും ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ്സ് റീബിൽഡ് പദ്ധതിയിലേയ്ക്കായി ആകെ 961.24 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി പട്ടിക തയ്യാറാക്കിയിട്ടുള്ളതിൽ, മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതായും, ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ന്യൂനതകൾ പരിഹരിച്ച് അന്തിമ പട്ടിക തയ്യാറാക്കി വരുന്നു. |
| ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന് മുമ്പായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | ഡി) അന്തിമ പട്ടിക തയ്യാറാക്കിയാലുടൻ തന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ